# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 29      04.06.2018 ൽ മറുപടിക്ക്

**<u>ഡൽഹിയിൽ ഗസ്റ്റ് ഹൗസ് കോംപ്ലക്സ് നിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി. ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഡൽഹിയിൽ കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല ഹൗസ് എന്നീ കേന്ദ്രങ്ങളിൽ ആധുനിക സൗകര്യങ്ങളോടെ ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുൾപ്പെട്ട കോംപ്ലക്സ് നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | ഡൽഹിയിൽ സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തലപ്ലോട്ട് എന്നിവയുടെ സമഗ്രമായ വികസനത്തിനായി പരിചയ സമ്പന്നരായ സ്ഥാപനങ്ങളിൽ നിന്ന് Request for Proposal (RFP) ക്ഷണിക്കുകയും ആയതിന്റെ Pre-bid മീറ്റിംഗ് 28.03.2018 ന് നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ലഭിച്ച Technical bid ഉം Financial bid ഉം പരിശോധിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇതിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്ര കോടിയാണെന്നും ഇത് എന്നത്തേക്ക് ടെൻഡർ ചെയ്യാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ; | (ബി) | എസ്റ്റിമേറ്റ് തുക കണക്കാക്കിയിട്ടില്ല |
| (സി) | ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ക്വാർട്ടേഴ്സ് കൂടി പണിയാൻ ഉള്ള നടപടികൾക്ക് അവസാന രൂപം നൽകിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഡൽഹി ഡവലപ്മെന്റ് അതോറിറ്റി നിർമ്മിച്ച ഡി.ഡി.എ ഹൗസുകൾ വിലക്ക് വാങ്ങാൻ തീരുമാനിക്കാനുള്ള കാരണം എന്താണ്; | (ഡി)<br>&<br>(ഇ) | കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തലപ്ലോട്ട് എന്നിവ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കായി വികസിപ്പിച്ചെടുക്കുമ്പോൾ കേരള ഹൗസ് ജീവനക്കാരുടെ താമസ സ്ഥലം നഷ്ടപ്പെടാതിരിക്കാൻ അവർക്ക് ഡൽഹി സർക്കാരിന്റെ ഡൽഹി ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ഫ്ലാറ്റുകൾ സർക്കാർ ചെലവിൽ വാങ്ങി ക്വാർട്ടേഴ്സ് ആയി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഡൽഹി ഡവലപ്പ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | എത്ര വീടുകൾ വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ഇതിലേക്കായി എത്ര കോടി രൂപയുടെ ചെലവ് ഉദ്ദേശിക്കുന്നുവെന്നും വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**